FMI8

# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്

## തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471-2529145

## പത്രക്കുറിപ്പ്

തീയതി: 19.03.2021

**വനദിനാചരണം: സംസ്ഥാനതല ഉദ്ഘാടനം നാളെ ( മാർച്ച് 21)**

അന്താരാഷ്ട്ര വനദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നാളെ രാവിലെ 10 മണിക്ക് വനംവകുപ്പ് ആസ്ഥാനത്തെ വനശ്രീ ഓഡിറ്റോറിയത്തിൽ മുഖ്യ വനംമേധാവി പി കെ കേശവൻ നിർവഹിക്കും. വനപുനസ്ഥാപനം വീണ്ടെടുക്കലിന്റെയും ക്ഷേമത്തിന്റെയും മാർഗം എന്ന വിഷയത്തെ അധികരിച്ചാണ് ഇത്തവണത്തെ വനദിനം ആചരിക്കുന്നത്. ചീഫ് വൈൽഡ് ലൈഫ് വാർഡൻ ദേവേന്ദ്ര കുമാർ വർമ്മ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കസർവേറ്റർ ഡി ജയപ്രസാദ് ആമുഖ പ്രഭാഷണം നടത്തും.

വനംവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി രാജേഷ് കുമാർ സിൻഹ വിശിഷ്ടാതിഥിയാകും. ഡോ സി റ്റി എസ് നായർ മുഖ്യ പ്രഭാഷണം നടത്തും.വനമിത്ര അവാർഡുകളുടെ വിതരണം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കസർവേറ്റർ ബെന്നിച്ചൻ തോമസും സംസ്ഥാന വനകായിക മേളയിൽ വിജയികളായവർക്കു ള്ള പുരസ്കാര വിതരണം എ പി സി സി എഫ് നോയൽ തോമസും ചടങ്ങിൽ നിർവ്വഹിക്കും. എ പി സി സി എഫ് ഇ പ്രദീപ് കുമാർ, സി എഫ് നീതുലക്ഷ്മി എന്നിവർ അവാർഡ് ജേതാക്കളെ പരിചയപ്പെടുത്തും. എ പി സി സി എഫ് ഡോ പി പുകഴേന്തി സ്വാഗതവും , സി എഫ് ഡോ ആർ ആടലരശൻ നന്ദിയും പറയുന്ന ചടങ്ങിന് സി എഫ് അരുൺ ആർ എസ് വനദിന പ്രതിജ്ഞ ചൊല്ലി കൊടുക്കും. കോട്ടൂർ പാങ്കാവ് ഇഡിസി അവതരിപ്പിക്കുന്ന നാടൻപാട്ടുകൾ, വാഴച്ചാൽ ഡിവിഷൻ ജീവനക്കാർ അവതരിപ്പിക്കുന്ന ലഘുനാടകവും ചടങ്ങിനോടനുബന്ധിച്ച് നടക്കും. സാമൂഹ്യവനവൽക്കരണ വിഭാഗത്തിന്റെ കീഴിൽ വിവിധ ജില്ലകളിലും വനദിനാചരണ ച്ചടങ്ങുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

ഡോ. അഞ്ചൽ കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ